Talented Bankers Literary Panel
പുസ്തക പരിചയം 228

പുസ്തകം പരിചയപ്പെടുത്തുന്നത്,
ബി നന്ദകുമാർ,
ഫെഡറൽ ബാങ്ക്.

ദസ്തയേവ്സ്കി എഴുതിയ
കുറ്റവും ശിക്ഷയും
Crime and Punishment
Dostoevski.

Fyodor Dostoevski യുടെ ഇരുന്നൂറാം ജന്മദിനം നവംബർ 11നായിരുന്നു. Leo Tolstoy യുടെ ചരമദിനം നവംബർ 20 നും. ലോകസാഹിത്യ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലുകളായിരുന്നു, ഈ റഷ്യൻ എഴുത്തുകാർ. ദസ്തയേവ്സ്കി നിരീക്ഷിച്ചത് ഉപരിവർഗ്ഗത്തിൻ്റെ കഥകൾക്ക് ഊന്നൽ കൊടുത്ത് നോവലുകളും കഥകളും രചിച്ച ആളായിരുന്നു ടോൾസ്റ്റോയ് എന്നായിരുന്നു. താനോ സാമാന്യ ജനങ്ങളുടെ കഥ പറഞ്ഞ നോവലിസ്റ്റും.

ഈ നിരീക്ഷണത്തെ ന്യായീകരിക്കുന്നതാണ് ടോൾസ്റ്റോയി എഴുതിയ യുദ്ധവും സമാധാനവും (war and peace) ദസ്തയേവ്സ്കി എഴുതിയ കുറ്റവും ശിക്ഷയും (crime and punishment). വിശാലമായ ക്യാൻവാസ്സിൽ ടോൾസ്റ്റോയി കഥകൾ പറഞ്ഞു തന്നപ്പോൾ ദസ്തയേവ്സ്കി താനടങ്ങുന്ന ചുറ്റുപാടുകളെ അവധാനതയാർന്ന നിരീക്ഷണ പാടവത്തോടെ നോവലുകളിൽ പകർത്തിയെടുത്തു. തീർച്ചയായും ലോക നോവൽ സാഹിത്യത്തിൽ ഒരാധുനിക സംവേദനം വായനക്കാർക്ക് പ്രദാനം ചെയ്ത നോവലായി "കുറ്റവും ശിക്ഷയും " (Crime and Punishment) എന്ന നോവലിനെ കണക്കാക്കാം.

മനസ്സിനെ മഥിച്ച കഥകളൊക്കെയും തുടങ്ങുന്നത് കുറ്റകൃത്യത്തിൻ്റെ ആന്തരികക്ഷോഭം വിവരിച്ചുകൊണ്ടാണ്, അങ്ങിനെയല്ലെങ്കിൽ അത് അവസാനിക്കുന്നതെങ്കിലും. നോവൽസാമ്രാജ്യത്തിലെ ഈ വിഭാഗത്തിൽപ്പെടുന്ന അറിയപ്പെടുന്ന ആദ്യ കൃതി, വിക്ടർ ഹ്യൂഗോ എഴുതിയ 'ലെസ് മിസറബ്ൾസ്' (പാവങ്ങൾ - നാലപ്പാട് നാരായണ മേനോൻ്റെ പരിഭാഷ) ആ പരമ്പരയ്ക്ക് കുറയിട്ടു. പിന്നീട് ഷെനെ (Jean Genet_ French Novelist) ഈ മാനസികക്ഷോഭങ്ങളുടെ 'പൂക്കാല രാജകുമാരി'യായി (Our Lady Of the Flowers, Thief's Journal).
ഈ പശ്ചാത്തലത്തിൽ തുടങ്ങിയ വായനയാണ് ഫയ്ഡോർ ദസ്തയേവ്സ്കിയുടെ നോവലുകൾ. 'കരമസോവ് സഹോദരർ ', 'കുറ്റവും ശിക്ഷയും (Crime & Punishment) എന്നീ നോവലുകൾ വായിച്ചു കഴിഞ്ഞപ്പോൾ നോവൽ സാഹിത്യത്തിലെ ഇരുണ്ട , മന: ക്ഷോഭം മുറ്റുന്ന

അനുഭവങ്ങളുമായി ഞാൻ തളർന്നു തുടങ്ങി. പിന്നീട് ഒരുവുരി കൂടി വായന തീർത്താണ് "കുറ്റവും ശിക്ഷയും" നിലത്തു വെച്ചത്.

സെയ്ൻ്റ് പീറ്റേഴ്സ് ബർഗ്ഗിലെ റോഡൺ റസ്കോൽനിക്കോവ് പണത്തിന് ആവശ്യം വന്നപ്പോൾ താൻ വാടകയ്ക്ക് താമസിക്കുന്ന വീട്ടിലെ വീട്ടുടമസ്ഥയെ, ( പാല് തന്ന കൈകളിൽ തന്നെ വേണം കൊത്തുവാൻ! ) കൊല്ലുവാൻ തീരുമാനിക്കുന്നു. വിഷയം കൊലപാതകമാണെങ്കിലും റസ്കോൽ നിക്കോവിൻ്റെ മനസ്സിൽ വലിയ ആശയങ്ങളുണ്ട്. തള്ളയെ തട്ടിക്കിട്ടിയ പണം കൊണ്ട് പണക്കാരനാവണം, വലിയ വലിയ കാര്യങ്ങൾ ചെയ്യണം, ജീവിതത്തിൽ ഉയരണം. പക്ഷേ, കൊലപാതകം ചെയ്തു കഴിഞ്ഞ റസ്ക്കോൽ നിക്കോവിൻ്റെ മനസ്സിൽ സംഭ്രമം, വിഭ്രമം, ചിത്തഭ്രമം, ജുഗുപ്സ, വെറുപ്പ് തുടങ്ങി അനേകം അസ്വസ്ഥ വികാരങ്ങൾ ഉടലെടുക്കുന്നു. ഒരു തരത്തിലും അയാൾക്ക് മനസ്സിനെ പറഞ്ഞു സമാധാനിപ്പിക്കാനാവുന്നില്ല. കുറ്റബോധം, ഭയങ്കരത്വം, ഭയം തുടങ്ങിയ വികാരങ്ങൾ മാറി മാറി അയാളെ വേട്ടയാടുന്നു. മുറിവേറ്റ മനസ്സിൻ്റെ വിലാപമായി അയാളുടെ മനസ്സു മാറുന്നു. ഇതു വരെ മാറി നിന്ന് കഥ പറഞ്ഞ നോവലിസ്റ്റ് ഇവിടുന്നങ്ങോട്ട് റസ്ക്കോൽ നിക്കാവായിമാറുകയാണ്.

ചില സമയങ്ങളിൽ പോലീസിൻ്റെ അന്വേഷണത്തിൻ്റെ നിഴൽപാടുകളും പിടിക്കാൻ പോകുന്നതിനു മുമ്പായുള്ള മാനസിക സമ്മർദ്ദങ്ങളുമൊക്കെ ഹൃദയസ്പർശിയായി ഡൊസ്റ്റോവ്സ്കി എഴുതി ചേർത്തിരിക്കുന്നു.
1866 ലാണ് ദസ്തയേവ്സ്കി " കുറ്റവും ശിക്ഷയും " എഴുതുന്നത്. 576 പേജുകൾ വരുന്ന ബൃഹദ് രചനയാണ് അദ്ദേഹം എഴുതിയ രണ്ടാമത്തെ നോവൽ. ആറ് അദ്ധ്യായങ്ങളായാണ് നോവൽ പൂർത്തീകരിച്ചിരിക്കുന്നത്. തൻ്റെ സഹോദരിയുടെയും അമ്മയുടെയും ദയനീയ ജീവിത പശ്ചാത്തലങ്ങളും കൊടും ദാരിദ്ര്യവുമാണ് ആദ്യഭാഗം പ്രതിപാദിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് റസ്ക്കോൽ നിക്കോവ് പണം പലിശയ്ക്കു നൽകുന്ന വീട്ടുടമസ്ഥയെ കൊലപ്പെടുത്തി പണം മോഷ്ടിക്കുവാൻ തീരുമാനിക്കുന്നത്. കൂടെ അതിന് സാക്ഷിയായ വീട്ടുടമസ്ഥയുടെ സഹോദരിയെയും അയാൾക്ക് വക വരുത്തേണ്ടി വരുന്നുണ്ട്. അത് കഴിഞ്ഞുള്ള മാനസിക വിക്ഷോഭത്തിൽ അവരുടെ സമ്പത്ത് മുഴുവൻ മോഷ്ടിക്കുവാൻ അയാൾക്കാവുന്നില്ല. വളരെ കുറച്ചു പണം മാത്രമാണ് അയാൾ കൈക്കലാക്കുന്നത്.
ജീവിതത്തിലുടനീളം ദു:ഖങ്ങളും ദുരന്തങ്ങളും പേറി ഒടുവിൽ പോലീസിൻ്റെ പിടിയിലാവുമ്പോൾ കൊലപാതകത്തിന് ഇനിയുമൊരുത്തരവാദി കൂടി ഉയർന്നു വരുന്നു. അതു കൊണ്ടു തന്നെ ശിക്ഷയിൽ കാര്യമായ കുറവും വന്നു ചേരുന്നു. റസ്ക്കോൽ നിക്കോവിൻ്റെ ജീവിതം തന്നെ അയാൾ ചെയ്ത പാതകത്തിൻ്റെ കൂലിയായി മാറുകയാണ്. എല്ലാ ജീവിതങ്ങളും കുറെ കുറ്റങ്ങളുടെയും ശിക്ഷകളുടെയും ആകത്തുക തന്നെയാണ്.

National Book Stall, കോട്ടയം.
Rs.540/-